മാറ്റൊലി

ഇഹ്സാൻ

# ഉത്തരപൂർവ ദിക്കിനെ നോക്കിയിരിക്കുക!

**ദീർഘകാലം** വഹിച്ച ദേശീയ സുരക്ഷാ ഉപദേഷ്ടാവിന്റെ പദവിയിൽ നിന്ന് വിരമിച്ച് എം.കെ നാരായണൻ ബംഗാളിൽ 'വിശ്രമ ജീവിത'ത്തിനു പോയത് കേന്ദ്ര ആഭ്യന്തര മന്ത്രി പി. ചിദംബരവുമായുള്ള ഉരസലിനെ തുടർന്നാണത്രെ. പക്ഷേ ഇക്കഥ ഇന്ത്യയിൽ ആദ്യം റിപ്പോർട്ടു ചെയ്യുന്നത് *ടെലിഗ്രാഫ്* പത്രത്തിന്റെ വാഷിംഗ്ടൺ ലേഖകനായിരുന്നു! അങ്ങനെ വിശ്വസിക്കാൻ പ്രേരിപ്പിക്കുന്ന ചില പ്രത്യക്ഷ ഘടകങ്ങളും ഉണ്ടായിരുന്നു. തെലുങ്കാന സമരത്തിൽ നാരായണൻ നൽകിയ റിപ്പോർട്ടുകളെ വിശ്വസിച്ച് ആഭ്യന്തരമന്ത്രി നടത്തിയ പ്രസ്താവന പ്രശ്നത്തെ വഷളാക്കുക മാത്രമല്ല സംസ്ഥാനത്തെ കോൺഗ്രസ് ഭരണത്തെ പോലും അപകടത്തിലാക്കിയിരുന്നു. ചാരമേധാവികൾ പ്രധാനമന്ത്രിക്കു പുറമെ ആഭ്യന്തരമന്ത്രിക്ക് കൂടി പ്രതിദിന റിപ്പോർട്ട് നൽകണമെന്ന ചിദംബരത്തിന്റെ ആവശ്യത്തെ നാരായണൻ എതിർത്തതും ഇരുവർക്കുമിടയിൽ പ്രശ്നമുണ്ടാക്കി. അമേരിക്കൻ മാതൃകയിൽ സുരക്ഷാകാര്യങ്ങളിൽ പ്രധാനമന്ത്രിക്ക് സ്വന്തം ഇഷ്ടപ്രകാരം തീരുമാനമെടുക്കാനുള്ള കുറുക്കുവഴിയായിരുന്നു നാരായണന്റെ 'ഉപദേശ'ങ്ങൾ. മർമപ്രധാനമായ കാര്യങ്ങൾ പ്രധാനമന്ത്രിയും ഉപദേഷ്ടാവും മാത്രം അറിഞ്ഞാൽ മതിയെന്നും ഇടയിൽ പാർലമെന്റിന്റെയോ വകുപ്പു മന്ത്രിമാരുടെയോ ആവശ്യമില്ലെന്നുമുള്ള കീഴ്വഴക്കമായിരുന്നു സൃഷ്ടിക്കപ്പെട്ടത്. ചാരമേധാവികൾ നാരായണന് റിപ്പോർട്ടു ചെയ്യുകയും അങ്ങോർ പ്രധാനമന്ത്രിയെ കാര്യങ്ങൾ അറിയിക്കുകയും ചെയ്യുന്ന ജനാധിപത്യവിരുദ്ധമായ രീതിയിലേക്ക് പിന്നീട് ഇത് വളർന്നു. ഭരണഘടനാപരമായ ബാധ്യതയില്ലാത്ത ഒരാൾ രാഷ്ട്രസുരക്ഷയെ സംബന്ധിച്ച നിർണായകമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്ന അപകടകരമായ അവസ്ഥയായിരുന്നു ഇത്. ആഭ്യന്തരമന്ത്രിയുടെ പണി താൻ തന്നെ ചെയ്തോളാമെന്ന് ചിദംബരം വാശി പിടിച്ചതോടെ ഇരുവർക്കുമിടയിൽ ഉരസലിന് തുടക്കമായെന്നും ഒടുക്കം നാരായണന്റെ കസേര തെറിച്ചെന്നുമാണ് റിപ്പോർട്ടുകൾ.

'സ്തുത്യർഹ'മായ സേവനത്തിന് ശേഷം അവസാനകാലത്ത് നാരായണൻ അമേരിക്കയുടെ അതൃപ്തി സമ്പാദിച്ചുവെന്ന കഥ ഇതിനിടയിലാണ് പ്രചരിക്കുന്നത്. ഡേവിഡ് ഹെഡ്ലി പ്രശ്നം പൊന്തി വന്നതോടെ പ്രധാനമന്ത്രിക്കും രഹസ്യാന്വേഷണ വകുപ്പ് തലവന്മാർക്കുമിടയിൽ പാലമായി നിന്ന നാരായണന്റെ 'കഴിവുകേട്' വാഷിംഗ്ടണെ ചൊടിപ്പിച്ചുവത്രെ. ഒരുപക്ഷേ ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്ന ഒരു നുണക്കഥയാവാമിത്. കസബിനെ ചോദ്യം ചെയ്യാൻ ഇന്ത്യ എഫ്.ബിഐ സംഘത്തെ അനുവദിച്ചിട്ടും തത്തുല്യമായ രീതിയിൽ ഹെഡ്ലിയെ വിട്ടുകിട്ടുന്നതിൽ ഇന്ത്യൻ അന്വേഷണ ഉദ്യോഗസ്ഥർ പരാജയപ്പെടുകയല്ലേ ഉണ്ടായത്? മാത്രമല്ല, ഹെഡ്ലിയുടെ പങ്ക് ഇന്ത്യയിൽ അത്ര വലിയ ഒരു രാഷ്ട്രീയ സമസ്യയായി മാറിയിട്ടുമില്ലല്ലോ. അപ്പോൾ പിന്നെ അമേരിക്ക എന്തിന് നാരായണനോട് ചൊടിക്കണം? മുംബൈ ആക്രമണത്തെ തുടർന്ന് ശിവരാജ് പാട്ടിലും വിലാസ്റാവു ദേശ്മുഖും കസേരകളിൽ നിന്നും ഇളകിത്തെറിച്ചപ്പോഴും നാരായണൻ പിടിച്ചുനിന്നത് മൻമോഹൻ സിംഗിന്റെ പ്രത്യേക താൽപര്യം കൊണ്ടായി

രുന്നല്ലോ. ഒന്നുകിൽ അവശവാർധക്യത്തിലെ മാന്യമായ പടിയിറക്കം. അതല്ലെങ്കിൽ വെറുമൊരു ഗവർണർ ഉദ്യോഗത്തേക്കാളുപരി കുറെക്കൂടി വലിയ ഏർപ്പാടുകൾക്കാണ് നാരായണനെ ബംഗാളിലയച്ചതെന്നും അവ പ്രത്യക്ഷത്തിൽ തന്നെ അമേരിക്കൻ താൽപര്യങ്ങളെ സഹായിക്കുന്നവയാണെന്നും കരുതേണ്ടിയിരിക്കുന്നു.

കഴിഞ്ഞ ഡിസംബറിൽ തന്നെ യു.പി.എ സർക്കാർ നാരായണന് രാജ്ഭവൻ വാഗ്ദാനം നൽകിയിരുന്നുവെന്നാണ് പറയപ്പെടുന്നത്. ശ്രീലങ്കൻ ഓപ്പറേഷൻ പൂർത്തിയാവുന്നതിന് വേണ്ടി ഇദ്ദേഹത്തെ നിലനിർത്തുകയായിരുന്നു. 'പൊളിറ്റിക്കൽ ഇന്റലിജൻസി'ൽ നാരായണൻ മിടുക്കനുമായിരുന്നു. അദ്വാനിയുടെ മുകളിൽ ഒരു 'പിടിത്ത'മിടാനായിരുന്നല്ലോ വാജ്പേയി ബ്രജേഷ് മിശ്രയെ ഉപയോഗിച്ചിരുന്നത്. പാട്ടീലിന്റെ തലക്കു മുകളിൽ നാരായണനും 'സൂപ്പർ ആഭ്യന്തരമന്ത്രി'യാവുകയായിരുന്നു ചെയ്തത്. അതേസമയം വാജ്പേയിക്കും അദ്വാനിക്കുമിടയിലെ ചക്കളത്തിപ്പോര് ഒരേതൂവൽ പക്ഷികളായ മൻമോഹൻ സിംഗിനും ചിദംബരത്തിനും ഇടയിലുണ്ടായിരുന്നില്ല. ആഭ്യന്തര സുരക്ഷ, കശ്മീർ തർക്കം, സൈനിക മേധാവികളുടെ ദിനസരി യോഗങ്ങൾ, ആണവോർജ കമീഷൻ തുടങ്ങി നിരവധി നിർണായകമായ മേഖലകളിൽ നാരായണൻ അവസാനത്തെ വാക്കായി വിരാജിച്ചു. പ്രധാനമന്ത്രിക്ക് വലിയ പ്രതിപത്തിയില്ലാത്ത മേഖലയായിരുന്നു ആഭ്യന്തരസുരക്ഷ എന്നത് ഉപദേഷ്ടാവിന് കാര്യങ്ങൾ എളുപ്പവുമാക്കി. റോ, ഇന്റലിജൻസ് മുതലായവയുടെ ഉന്നതങ്ങളിൽ നാരായണന്റെ 'ശിങ്കിടികൾ' മാത്രമാണ് ഈയിടെയായി കയറിപ്പറ്റിയിരുന്നത്. നാരായണനോട് ബി.ജെ.പിക്കും ആർ.എസ്.എസ്സിനും അതൃപ്തി ഇല്ലാതിരുന്നതിന്റെ മുഖ്യകാരണവും ഇതായിരുന്നു. ചിദംബരത്തിന്റെ 'ദേശീയ ഭീകരതാ വിരുദ്ധ കേന്ദ്രം' വന്നതോടെയാണ് നിയന്ത്രണങ്ങളുടെ തുടക്കം.

അരുണാചൽ പ്രദേശ് കേന്ദ്രീകരിച്ച് അമേരിക്ക-ചൈന-ഇന്ത്യ വാക്ക് തർക്കങ്ങൾ രൂക്ഷമാകുന്ന കാലത്താണ് നാരായണൻ ബംഗാളിലേക്ക് ഗവർണറായി യാത്ര പോകുന്നത് എന്നത് കാണാതിരുന്നു കൂടാ. മിസോറാമിൽ അമേരിക്ക പണിത സൈനികനിലയം കൂടുതൽ കരുത്തുറ്റതായി വളർന്നുകഴിഞ്ഞു. അമേരിക്കക്ക് ചൈനയിൽ കരമാർഗം ഇടപെടണമെങ്കിൽ പാക്കധീന കശ്മീരിലൂടെയല്ലെങ്കിൽ പിന്നെയുള്ള വഴി അരുണാചലിലൂടെയാണ്. അതേസമയം വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലാവട്ടെ, തനത് സാംസ്കാരിക തനിമകളിൽ വിശ്വസിക്കുന്ന തീവ്രവാദി സംഘടനകൾ ഇഷ്ടംപോലെയുണ്ട് താനും. ദീർഘകാലം ഇന്ത്യയുടെ ഇന്റലിജൻസ് മേധാവിയായി കൂടി ജോലിചെയ്ത പാരമ്പര്യമുള്ള നാരായണൻ കൊൽക്കത്തിലെ രാജ്ഭവനിൽ ചുമതലയേൽക്കുന്നത് ഇത്തരം സംഘർഷഭരിതമായ സാഹചര്യത്തിലാണ്. ചാരസംഘടനകളുടെ തലപ്പത്തു നിന്നും റിട്ടയർ ചെയ്ത പലരും ഗവർണറുദ്യോഗമേറ്റെടുത്തത് പ്രശ്നബാധിത പ്രദേശങ്ങളിലാണെന്നതാണ് വസ്തുത. 2002-ൽ കശ്മീർ ഗവർണറായിരുന്നു ഗിരീഷ് ചന്ദ്ര സക്സേന, ആസാമിൽ 1990-കളുടെ അവസാനകാലത്ത് ഗവർണറായിരുന്ന എസ്.കെ സിൻഹ തുടങ്ങിയവർ ഉദാഹരണം. സക്സേനയും സിൻഹയും രാജ്ഭവനിലിരുന്ന് ഭരണകൂടത്തിന്റെ ഇരുമ്പുകരങ്ങളായതാണ് നാരായണന്റെയും മാതൃകയെങ്കിൽ അദ്ദേഹം ദൽഹിയിലേതിനേക്കാൾ കുറെക്കൂടി വലിയ ഉത്തരവാദിത്വങ്ങളിലേക്കാണ് യാത്ര പോയത്. നക്സലുകളെ അമർച്ച ചെയ്യാൻ നാരായണന്റെ വിദഗ്ധ സേവനം ഉപകാരപ്പെടുമെന്ന മാധ്യമ റിപ്പോർട്ടുകൾ ഇവിടെ ചേർത്തുവായിക്കുക. ഉത്തര പൂർവ ദിക്കിനെ കരുതലോടെ നോക്കിയിരിക്കേണ്ട സാഹചര്യമാണ് വരും നാളുകളിൽ. ■